**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 17** **22-07-2021 - ൽ മറുപടിയ്ക്ക്**

**ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയും വൈദ്യുതി ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ എത്ര ശതമാനം നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്നാണ് കണക്കാക്കുന്നത്; | (എ) | ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ ആവിഷ്കരിച്ച 7 ലൈൻ പാക്കേജുകളും, 5 സബ്സ്റ്റേഷൻ പാക്കേജുകളും ഉൾപ്പെടുന്നു. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പ്രവർത്തികളിൽ 45% പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ രണ്ടാം ഘട്ടത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 11 ലൈൻ പാക്കേജുകളും, 13 സബ് സ്റ്റേഷനുകളും ഉൾപ്പെടുന്നു. രണ്ടാം ഘട്ട പദ്ധതികൾ 2024 ൽ പൂർത്തികരിക്കാനാണ് ലക്ഷ്യമിടുന്നത്. |
| (ബി) | പ്രസ്തുത പദ്ധതിക്കായി കിഫ്ബി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട വിവിധ ബില്ലുകളിലായി നാളിതു വരെ 8,95,30,48,159.81 രൂപ റിലീസ് ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി ഏതൊക്കെ കമ്പനികൾക്കാണ് കരാറുകൾ നൽകിയിരിക്കുന്നത് എന്നറിയിക്കാമോ; | (സി) | ഭരണ വകുപ്പ് നിയമിച്ചിരിക്കുന്ന നിർവ്വഹണ ഏജൻസി താഴെ കാണുന്ന കമ്പനികൾക്കാണ് ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ കരാറുകൾ നൽകിയിട്ടുള്ളത്. 1. M/s Sterlite Power Transmission Ltd. 2. M/s Larsen& Toubro Ltd, 3. M/s KEI Industries Ltd, 4. M/s Toshiba T&D systems India Pvt. Ltd, 5. M/s GE T & D India Ltd, 6. M/s Seimens Ltd, M/s Sterlite Power Transmission Ltd., 7. M/S Techno Electric & Engineering company Ltd. |
| (ഡി) | ഈ പദ്ധതിയുടെ ഭാഗമായി കിഫ്ബി നൽകുന്ന വായ്പയുടെ പലിശ നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിയിൽ, കിഫ്ബിയുമായി ഏർപ്പെട്ടിരിക്കുന്ന ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം, പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തുക കിഫ്ബി അനുവദിച്ചതിനു ശേഷം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയുമായി തിരിച്ചടവ് കരാറിൽ ഏർപ്പെടുകയുള്ളൂ. അപ്പോൾ മാത്രമേ പലിശ നിരക്ക് നിശ്ചയിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ